## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1552 — 02/07/2015-ൽ മറുപടിയ്ക്ക്

### നെൽകൃഷി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) നെൽകൃഷി വ്യാപകമാക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന നെൽ കൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>1) സുസ്ഥിര നെൽകൃഷി വികസനം<br>2) വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3) പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം<br>4) പാട ശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം<br>5) ഉൽപ്പാദന ബോണസ് കൂടാതെ എല്ലാ ജില്ലകളിലുമുള്ള കർഷകരിൽ നിന്ന് കിലോക്ക് 19 രൂപ നിരക്കിൽ സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട് |
| ബി) നെൽ കർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; | ബി) നെൽ കർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൃഷിഭവൻ തലത്തിൽ കൃഷി ആഫീസർ കൺവീനറായുള്ള പഞ്ചായത്ത് തല കാർഷികവികസന സമിതി, നെൽ വയലുകളുടെ അനധികൃത പരിവർത്തനവും നികത്തലും തടയുന്നതിനായി പഞ്ചായത്ത് തലത്തിൽ കൃഷി ആഫീസർ കൺവീനറായുള്ള പ്രാദേശികതല നിരീക്ഷണ സമിതി എന്നിവ നിലവിലുണ്ട്. നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷിവികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു പുറമെ കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ